പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.2820

**06.02.2018** -ലെ മറുപടിയ്ക്ക്

# കുറഞ്ഞ വരുമാനക്കാർക്കുള്ള ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എ.പി.അനിൽ കുമാർ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കുറഞ്ഞ വരുമാനക്കാർക്കുള്ള ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) & (ബി) കേരളത്തിലെ അസംഘടിത മേഖലയിലെ വരുമാനം കുറഞ്ഞ തൊഴിലാളികൾക്ക് സ്വന്തം അപ്പാർട്ട്മെന്റ് താങ്ങാവുന്ന വിലയ്ക്ക് ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് 'ജനനി' നിലവിൽ ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ അടിമാലി ഗ്രാമപഞ്ചായത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. എറണാകുളം ജില്ലയിൽ പെരുമ്പാവൂരിലെ പോഞ്ഞാശ്ശേരി പഞ്ചായത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. തൃക്കാക്കര നഗരസഭയിലെ കാക്കനാട് പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എല്ലാ നഗരങ്ങളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ; | |
| (സി) പദ്ധതിക്കായി ഫണ്ട് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ടോ; | (സി) ഉണ്ട്. തൊഴിൽ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടില്ല. |

(ഡി) അസംഘടിത മേഖലയിലെ വരുമാനം കുറഞ്ഞ തൊഴിലാളികൾക്കും മറുനാടൻ തൊഴിലാളികൾക്കും തോട്ടം തൊഴിലാളികൾക്കും നടപ്പിലാക്കുന്ന ഭവനപദ്ധതികളും അവയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ;

(ഡി) ഭവനം പദ്ധതി -തോട്ടം മേഖലയിൽ സ്വന്തം വീട് പദ്ധതി (Bhavanam Project –Own your own Housing Scheme) വിഭാവനം ചെയ്തിരിക്കുന്നത് കേരളത്തിലെ വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് തോട്ടം മേഖലയിൽത്തന്നെ സ്വന്തമായി വീട് നിർമ്മിച്ചു നൽകുന്നതിനായിട്ടാണ്. ഈ സ്കീമിൽ, സ്വന്തമായി കുറഞ്ഞത് 3 സെന്റ് സ്ഥലമെങ്കിലും തോട്ടം മേഖലയിലുള്ള തൊഴിലാളികൾക്ക് വ്യക്തിഗത വീട് നിർമ്മിച്ചു നൽകും, സ്വന്തമായി സ്ഥലമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് അപ്പാർട്ട്മെന്റ് നിർമ്മിച്ചു നൽകും. 400 ചതുരശ്ര അടിയിൽ 2 ബെഡ്റൂം, ഡ്രായിങ് കം ഡൈനിംഗ് ഹാൾ, ടോയ്ലറ്റ്, ബാത്ത്റൂം, അടുക്കള, വർക്ക് ഏരിയ എന്നിവയുള്ള ഒരു ഭവനയൂണിറ്റാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഭവനം പദ്ധതി - തോട്ടം മേഖലയിൽ സ്വന്തം വീട് പദ്ധതി നടപ്പിലാക്കാനുള്ള പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് ഹോസ്റ്റൽ നിർമ്മിച്ച് നൽകുന്ന പദ്ധതി 'അപ്നാഘർ' പലക്കാട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ ഭവനം ഫൗണ്ടേഷൻ വഹിക്കുന്ന പങ്ക് വിശദമാക്കുമോ?

(ഇ)വരുമാനം കുറഞ്ഞ തൊഴിലാളികൾക്കും ജോലിക്കാർക്കും സ്വന്തം അപ്പാർട്ട്മെന്റ് താങ്ങാവുന്ന വിലയ്ക്ക് നൽകുന്ന ജനനി പദ്ധതി, കേരളത്തിലെ തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും നിലവാരമുള്ള ഭവനം അവരുടെ ജോലിസ്ഥലത്തോ അതിനടുത്തോ തന്നെ നിർമ്മിച്ചു നൽകുന്ന ഭവനം പദ്ധതി, കേരളത്തിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്ന ഹോസ്റ്റൽ നിർമ്മിക്കുന്ന അപ്നാഘർ പദ്ധതി എന്നിവ തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഭവനം ഫൗണ്ടേഷൻ കേരള ആണ് നടപ്പിലാക്കുന്നത്. നിലവിൽ പാലക്കാട്, അടിമാലി, എറണാകുളം എന്നിവിടങ്ങളിൽ പദ്ധതികൾ പൂർത്തിയായി വരുന്നു.

Sreeni

**സെക്ഷൻ ഓഫീസർ**